(ബി) ഉണ്ട്. ഉൽപ്പാദനമേഖലയിലും അടിസ്ഥാന സൗകര്യവികസനത്തിലും ഉണ്ടായ പുരോഗതി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(സി) വിഹിതത്തിൽ ഓരോ വർഷവും 10 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ കഴിഞ്ഞ 4 വർഷത്തെ ചെലവുകണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	ചെലവ്
	(കോടി രൂപ)
2006-07	1214.74
2007-08	1377.85
2008-09	1477.04
2009-10	1748.62

(ഡി) ഗ്രാമപഞ്ചായത്തുകൾക്ക് വികസന ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാനത്തിലെ കുറവിന് 10 ശതമാനം വെയിറ്റേജ് നൽകിയിട്ടുണ്ട്.

തീരമൈത്രി പദ്ധതി

16 (*646) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതബാധിതർക്കായി ആവിഷ്ക്കരിച്ച തീരമൈത്രി പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) സ്ത്രീകളുടെ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ വഴി ഏതെല്ലാം സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട് ;

(ഡി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ഇ) മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന സീഫുഡ് കിച്ചണുകൾ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനാവശ്യമായ സഹായം നൽകുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സുനാമി ദുരിതബാധിതർക്കായി ആവിഷ്ക്കരിച്ച തീരമൈത്രി പദ്ധതിയുടെ പ്രവർത്തനം സർക്കാർ സമയാസമയങ്ങളിൽ വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരദേശ ജനങ്ങളുടെ ജീവിത പുരോഗതിക്കും വരുമാന വർദ്ധന വിനുമായി കൂട്ടായ്മയിലൂന്നിയ ഒരു സമഗ്ര പദ്ധതിയാണ് "തീരമൈത്രി" എന്ന പൊതു നാമധേയത്തിൽ ഫിഷറീസ് വകുപ്പിന്റെ ചുമതലയിൽ നടപ്പാക്കിവരുന്നത്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടുകൂടി 45.25 കോടി രൂപ യുടെ സുനാമി അടിയന്തിര സഹായ പദ്ധതിയും 23.29 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ സുനാമി പുനരധിവാസ പദ്ധതിയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ധനസഹായത്തോടെ 21.2186 കോടി രൂപയുടെ പദ്ധതികളുമാണ് 9 തീരദേശ ജില്ലകളിലായി നടപ്പാക്കി വരുന്നത്. ഈ മൂന്ന് പദ്ധതികളിലുമായി 60 ഓളം ചെറുപദ്ധതികളാണ് വിവിധ സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കിവരുന്നത്. ജീവനോപാധി പുനഃസ്ഥാപനം,അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പൊതു സഹായ പദ്ധതികൾ (പരിശീലനങ്ങൾ, പ്രചരണം, വിപണന സൗകര്യം ഒരുക്കൽ, ഇൻഷ്വറൻസ്) എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത പദ്ധതികൾ. മേൽപ്പറഞ്ഞ ചെറുപദ്ധതികളിലൂടെ ഏകദേശം ഒരു ലക്ഷത്തിലധികം കുടുംബങ്ങൾ ഇതിന്റെ നേരിട്ടുള്ള ഗുണഭോക്താക്കളായി മാറുന്നു. മിക്ക പദ്ധതികളിലും വനിതകളാണ് സംരംഭകർ.

നിർവ്വഹണ ഏജൻസി തലത്തിലും, പ്രോജക്ട് ഇംപ്ലിമെന്റേഷൻ തലത്തിലും, ഗവൺമെന്റ് തലത്തിൽ ഫിഷറീസ് സെക്രട്ടറിയുടെ നേതൃത്വത്തിലും,പ്രോജക്ട് ഡയറക്ടർ തലത്തിലും ഫിഷറീസ് മന്ത്രിയുടെ നേതൃത്വത്തിലും മേൽ പദ്ധതിക ളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ജില്ലാ കളക്ടർ ചെയർമാൻ ആയിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിലും അതാത് ജില്ലകളിൽ നടപ്പി ലാക്കുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്.

(സി) സ്ത്രീകൾ അംഗങ്ങളായിട്ടുള്ള ആക്ടിവിറ്റി ഗ്രൂപ്പുകൾ വഴിയാണ് "തീരമൈത്രി" സംരംഭങ്ങൾ മിക്കതും പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. സ്ത്രീകൾ മാത്രം അംഗങ്ങളായിട്ടുള്ള ആക്ടിവിറ്റി ഗ്രൂപ്പുകൾ വഴി നടപ്പിലാക്കിയ പദ്ധതി കളുടെ വിശദീകരണം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.*

(ഡി) തീരമൈത്രി പദ്ധതിക്കുകീഴിൽ പ്രവർത്തനക്ഷമമായിട്ടുള്ള തൊഴിൽ സംരംഭങ്ങൾ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാനവർദ്ധനവ് ലക്ഷ്യമാക്കി യാണ് നടപ്പാക്കിയിട്ടുള്ളത്. ഇതുവരെ നടപ്പാക്കിയ പ്രധാന പദ്ധതികളിലെല്ലാം തന്നെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.സ്ത്രീകളുടെ പങ്കാളിത്ത മുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.*

(ഇ) മത്സ്യഫെഡ് മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് സീ ഫുഡ് കിച്ചണുകൾ, രുചികരമായ മത്സ്യവിഭവങ്ങൾ വിൽപ്പന നടത്തുന്ന റസ്റ്റോറന്റുകളായ സീ ഫുഡ് കിച്ചണുകൾ നടത്തുന്നതിന് തീരദേശത്തെ 10 വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്. യൂണിറ്റൊന്നിന് 5.034 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ഇതിൽ 4.03 ലക്ഷം രൂപ ടീപ്പിൽ(TEAP) നിന്നുള്ള ധനസഹായവും 75,000 രൂപ ബാങ്ക് ലോണും, 25,000 രൂപ ഗുണഭോക്തൃവിഹിത വുമാണ്. ധനസഹായത്തിനു പുറമേ രുചികരമായ മത്സ്യവിഭവങ്ങൾ തയ്യാറാക്കി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിപണനം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഐ.എഫ്.പി-യുടെ സഹായത്തോടെ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ കോവളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി വഴിയും ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്.

സുനാമി അടിയന്തിര സഹായ പദ്ധതി മുഖേനയാണ് സീ ഫുഡ് കിച്ചൺ പദ്ധതിക്ക് ധനസഹായം നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞതിനാൽ സീ ഫുഡ് കിച്ചൺ യൂണിറ്റുകൾക്ക് വീണ്ടും സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ പ്രയാസമാണ്. എന്നാൽ "തീരമൈത്രി" മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണത്തോടെ ഏതെങ്കിലും പദ്ധതികൾക്ക് സഹായം ആവശ്യമെന്ന് കണ്ടാൽ ഫിഷറീസ് വകുപ്പിന്റെ 2010-11 ലെ ബഡ്ജറ്റിലെ തീര മൈത്രി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്ന കാര്യം പിന്നീട് പരിഗണിക്കാവുന്നതാണ്.

ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകൾ

17 (*647) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകൾ വികസിപ്പിക്കുന്നത് സംബന്ധിച്ച ബഡ്ജറ്റ് നിർദ്ദേശം വ്യക്തമാക്കുമോ ; പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു തുടങ്ങിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) റോഡ് വികസനത്തിനായി എത്ര കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട് ;

(സി) സംസ്ഥാനത്തെ ടൂറിസം ഡെസ്റ്റിനേഷനുകളിലേക്കുള്ള റോഡുകളുടെ വികസനം സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ റോഡുകൾ വികസിപ്പിക്കുന്നതിന് 52 കോടി (അൻപത്തിരണ്ടു കോടി) രൂപയ്ക്കുള്ള പദ്ധതി നടപ്പാക്കാനാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചത് (2009-10).17-7-2009-ലെ സ.ഉ.(സാധ).നം 5142/2009/ടൂറിസം, 9-12-2009-ലെ സ.ഉ.(സാധ)നം.8652/2009/ടൂറിസം എന്നിവ പ്രകാരം 20-റോഡുകളുടെ പ്രവൃത്തി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു.

(ബി) 857-ലക്ഷം (എണ്ണൂറ്റി അൻപത്തിയേഴുലക്ഷം)രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന് പുറമേ പൊതുമരാമത്ത് വകുപ്പുവഴിയും ടൂറിസം റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly